**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**<u>എൻ.ആർ.എൽ.എം പദ്ധതിയുടെ നടത്തിപ്പ് ചുമതല</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3928** — 21-10-2016 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി. അയിഷാ പോറ്റി** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | എൻ.ആർ.എൽ.എം പദ്ധതിയുടെ നടത്തിപ്പ് ചുമതല കുടുംബശ്രീ മിഷന് ലഭിച്ചിട്ട് എത്ര കാലമായി; | (എ) | 2012-13 സാമ്പത്തിക വർഷമാണ് എൻ.ആർ.എൽ.എം പദ്ധതിയുടെ നടത്തിപ്പ് ചുമതല കുടുംബശ്രീ മിഷന് ലഭിച്ചത്. |
| (ബി) | പ്രസ്തുത പദ്ധതി ഫണ്ട് ഉപയോഗിച്ച് എത്ര വനിതകൾക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്; | (ബി) | എൻ.ആർ.എൽ.എംന്റെ കീഴിലെ ഡിഡിയുജികെവൈ പദ്ധതി ഫണ്ട് ഉപയോഗിച്ച് സെപ്റ്റംബർ 2016 വരെ 6869 സ്ത്രീകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. |
| (സി) | പരിശീലന നടത്തിപ്പിനായി കണ്ടെത്തിയ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; പ്രസ്തുത സ്ഥാപനങ്ങളുമായുള്ള കരാർ നിലനിൽക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | 34 സ്ഥാപനങ്ങളിൽ നിലവിൽ ഈ പദ്ധതി പ്രകാരം പരിശീലനം സംഘടിപ്പിച്ചു വരുന്നു. എല്ലാ സ്ഥാപനങ്ങളുമായും 3 വർഷത്തേക്ക് കരാർ നിലവിലുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ പൂർണ്ണ വിവരം അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**